**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.260 — 28.11.2018 ൽ മറുപടിക്ക്

**ഒല്ലൂർ മണ്ഡലത്തിലെ ആർദ്രം പദ്ധതി**

| ചോദ്യം<br>ശ്രീ.കെ. രാജൻ | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
|---|---|
| ഒല്ലൂർ മണ്ഡലത്തിലെ സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങളിലും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും ആർദ്രം പദ്ധതിയുടെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ പുത്തൂർ പി.എച്ച്.സി. കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവിടെ ഡോക്ടർ, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നിവരുടെ ഓരോ തസ്തികയും സ്റ്റാഫ് നഴ്സിന്റെ രണ്ട് തസ്തികയും സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. സ്ഥാപനത്തിന്റെ അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. ശ്വാസ്, ആശ്വാസ് ക്ലിനിക്ക് എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പി.എച്ച്.സി. വാണിയമ്പാറ, നടത്തറ, പട്ടിക്കാട് എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. പി.എച്ച്.സി. നടത്തറയിൽ പുതിയ കെട്ടിടത്തിന്റെ പണി ആരംഭിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ സ്ഥാപനങ്ങളിൽ എൻ.എച്ച്.എം. വഴി ഗ്യാപ്പ് അനാലിസിസ് നടത്തിയിട്ടുണ്ട്. വാണിയംപാറ പി.എച്ച്.സിയിലും പട്ടിക്കാട് പി.എച്ച്.സി.യിലും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും 14 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. നടത്തറ പി.എച്ച്.സിക്ക് എൻ.എച്ച്.എം. വഴി 15 $^1/_2$ (പതിനഞ്ചര ലക്ഷം) രൂപ ലഭ്യമാക്കി ഇത്തരം പ്രകാരമുള്ള പ്രവർത്തനങ്ങൾ എൻ.എച്ച്.എം. വഴി നടപ്പിലാക്കി വരുന്നു. അതോടൊപ്പം ഇവിടങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്ന പ്രപ്പോസലിന്മേൽ നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ